**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2914** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ അന്തിപ്പച്ച എന്ന പേരിൽ മത്സ്യഫെഡ് ആരംഭിച്ച മീൻ വിൽപ്പനയിൽ വൻ സാമ്പത്തിക അഴിമതി നടന്നതായി മത്സ്യഫെഡ് ഓഡിറ്റ് വിഭാഗം കണ്ടെത്തുകയുണ്ടായോ; | (എ) | മത്സ്യഫെഡ് ശക്തികുളങ്ങര കോമൺ പ്രീ പ്രോസസിംഗ് സെന്റർ മാനേജരുടെ റിപ്പോർട്ടിൽ, കോമൺ പ്രീ പ്രോസസിംഗ് സെന്ററിന്റെ 2020-21, 2021-22 വർഷങ്ങളിലെ കണക്കുകളിൽ പൊരുത്തക്കേട് കണ്ടെത്തിയതിനെ തുടർന്ന് മത്സ്യഫെഡ് അക്കൗണ്ട്സ് വിഭാഗം പരിശോധന നടത്തുകയും അന്തിപ്പച്ചയിൽ നിന്നുള്ള വിൽപ്പന വിലയും ബാങ്കിൽ അടച്ച തുകയും തമ്മിൽ 93.75 ലക്ഷം രൂപയുടെ വ്യത്യാസം കണ്ടെത്തുകയുമുണ്ടായി. |
| (ബി) | ഇതുസംബന്ധിച്ച് മത്സ്യതൊഴിലാളികൾ പോലീസിൽ പരാതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ കേസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾ പോലീസിൽ പരാതി നൽകിയിട്ടില്ല. |
| (സി) | മത്സ്യം വില്പനയുമായും വാങ്ങലുമായും ബന്ധപ്പെട്ട് മറ്റേതെങ്കിലും സ്ഥലങ്ങളിൽ സമാനമായ അഴിമതികൾ വകുപ്പ് കണ്ടെത്തുകയുണ്ടായോ; | (സി) | മത്സ്യഫെഡിന്റെ കോഴഞ്ചേരി ഫിഷ് ബൂത്തിൽ മത്സ്യഫെഡ് ഇന്റേണൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ക്യാഷ്/ബാങ്ക് എന്നിവയിൽ 9,53,668/- രൂപയുടെ കുറവ് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | മത്സ്യഫെഡിൽ രാഷ്ട്രീയ നിയമനം നേടിയ ജീവനക്കാരാണോ ഈ തട്ടിപ്പുകൾ നടത്തുന്നതിന് നേതൃത്വം നൽകിയത്; വിശദാംശം നൽകുമോ? | (ഡി) | മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീപ്രോസസിംഗ് സെന്റർ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള പണാപഹരണവുമായി ബന്ധപ്പെട്ട് 8 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കോമൺ പ്രീ- പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ.എം. മഹേഷിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ജൂനിയർ അസിസ്റ്റന്റ് ശ്രീ. കെ. അനിമോനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31/5/2022-ന് അവസാനിച്ച മുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. കോമൺ പ്രീ പ്രോസ്സസിംഗ് |

| | | | |
|---|---|---|---|
| | | | സെന്റർ (സി.പി.സി) യുടെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി. ലിസി അഗസ്റ്റിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി. നീതു. പി.എസ്, പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുകയും നിലവിലെ ജില്ലാ മാനേജർ ഡോ.എം.നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ